## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1351 | 02-03-2017 -ൽ മറുപടിക്ക്

### വരൾച്ച നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി.വി. ഇബ്രാഹിം | | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വരൾച്ച നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ചതിന് ശേഷം 31/10/2016 -ലെ 42830/കെ3/2016/ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26ഇന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ മേൽനോട്ടത്തിൽ വിലയിരുത്തുന്നതിനും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന യോഗങ്ങൾ ജില്ലാ / താലൂക്ക് / തദ്ദേശ സ്വയംഭരണ തലങ്ങളിൽ നടത്തുന്നതിനും നിർദ്ദേശിച്ചതിൻപ്രകാരം പ്രസ്തുത യോഗങ്ങൾ വിവിധ ജില്ലകളിൽ കൂടുകയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. വരൾച്ചയുടെ കാഠിന്യം മൂലം വന്യ മൃഗങ്ങളുടെ ആക്രമണം വർധിക്കുന്നത് ചെറുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ, ചീഫ് സെക്രട്ടറിയും, റവന്യൂ വകുപ്പ് സെക്രട്ടറിയും, അഭ്യന്തര വകുപ്പ് സെക്രട്ടറിയും, വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി. 11.11.2016, 17.12.2016, 05.01.2017, 30.01.2017, 15.02.2017 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയും 31.01.2017-ൽ ബഹു: മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വീഡിയോ കോൺഫറൻസ് വഴി ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരന്ത നിവാരണ നിയമം 2005 പ്രകാരം ഭൂഗർഭ ജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂഗർഭ ജലം വിനിയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്ക് അവയുടെ നിലവിലുള്ള വിനിയോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31.05.2017 വരെ നിയന്ത്രിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ കിയോസ്കുകളിലും ടാങ്കർ മുഖാന്തിരവും കുടിവെള്ള വിതരണം നടത്തുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്ട് നിർണ്ണയിച്ചിട്ടുണ്ട്. 2 മാസം കൊണ്ട് പോളിമർ ടാങ്ക് |

| | | | |
|---|---|---|---|
| | | | നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000 മുതൽ 10000 ലിറ്റർ വരെ ശേഷിയുള്ള BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രം ആയതിനാൽ വാട്ടർ കിയോസ്കുകൾ വഴിയുള്ള ജലവിതരണത്തിന് പുറമെ GPS ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും കടിവെള്ള വിതരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കെ.എസ്.ആർ.ടി. സി.ബസ്സുകളിലും സാമൂഹ്യമാധ്യമങ്ങളിലും റേഡിയോയിലും 'ജലത്തെ ബഹുമാനിക്കൂ. വരൾച്ചയെ പ്രതിരോധിക്കൂ' എന്ന പരസ്യ വാചകം ഉൾപ്പെടുത്തി ജലവിനിയോഗം കാര്യക്ഷമമാക്കവാൻ പ്രചരണം നടത്തി വരുന്നു. ജില്ലകളിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 24മണിക്കൂറും സജ്ജമായിട്ടുള്ള കൺട്രോൾറൂമുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കടിവെള്ള ആവശ്യം വിളിച്ചറിയിക്കവാൻ പ്രാപ്തമായ രീതിയിൽ ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന് അനുവദിച്ച തുക ജില്ല തിരിച്ച് വിശദമാക്കമോ; | ബി) | സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ച ശേഷം വിവിധ ജില്ലകൾക്കായി "2245-01-102-99-Drought drinking water supply" എന്ന ശീർഷകത്തിൽ 29.5 കോടി രൂപ കടിവെള്ള വിതരണത്തിനായി അനുവദിച്ചു "2245-01-101-99-Drought – Supply of seeds, fertilisers & agricultural implements" എന്ന ശീർഷകത്തിൽ 13 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ച് അനുവദിച്ച തുക സംബന്ധിച്ച വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |
| സി) | ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ കൂടാതെ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കമോ? | സി) | സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ച സാഹചര്യം രൂക്ഷമായേക്കം എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകവാൻ 22-02-2017 ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയാറാക്കിയിട്ടുണ്ട്. വരൾച്ചാ പ്രതികരണം ഒരു നിരന്തര പ്രക്രിയയാണെന്നതിനാൽ ദൈനംദിന സ്ഥിതിഗതികൾ നിരീക്ഷിച്ച് ഉചിതമായ തീരുമാനങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

Indu S S

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | കടിവെള്ള വിതരണത്തിന് അനുവദിച്ച തുക (കോടിയിൽ) | കൃഷിനാശത്തിന് അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 2 | 1.50 |
| കൊല്ലം | 2 | 1.00 |
| പത്തനംതിട്ട | 2 | 0.50 |
| ആലപ്പുഴ | 2 | 0.75 |
| കോട്ടയം | 2 | 0.75 |
| ഇടുക്കി | 2 | 0.50 |
| എറണാകുളം | 2 | 1.00 |
| തൃശ്ശൂർ | 2 | 1.50 |
| പാലക്കാട് | 3 | 1.25 |
| മലപ്പുറം | 2 | 1.50 |
| കോഴിക്കോട് | 2 | 0.75 |
| വയനാട് | 2.5 | 0.75 |
| കണ്ണൂർ | 2 | 0.75 |
| കാസറഗോഡ് | 2 | 0.50 |
| **ആകെ** | **29.5** | **13.00** |

Indu.G.G

സെക്ഷൻ ഓഫീസർ